## വന ജില്ലയാകാൻ ങ്ങുന്നു

വേണം പദ്ധതി നടപ്പാക്കേണ്ടത്. അക്കൗണ്ടുകളുടെ പ്രയോജനത്തെക്കുറിച്ചും ഇടപാടുകൾക്കുള്ള ചാർജിനെക്കുറിച്ചും വളരെ സുതാര്യമായ രീതിയിൽ പ്രചാരണം നൽകണമെന്ന് എല്ലാ ബാങ്കുകളോടും റിസർവ് ബാങ്ക് നിർദേശിച്ചിട്ടുണ്ട്.

കൂടുതൽ ആളുകൾക്ക് പൂജ്യം ബാലൻസ് അക്കൗണ്ടുകൾ തുടങ്ങുന്നതിന് പ്രോത്സാഹനം നൽകുന്നതിനായി ഇടപാടുകാർക്ക് ഓവർഡ്രാഫ്ട് സൗകര്യം അനുവദിക്കുന്ന കാര്യം ബാങ്കുകൾ പരിഗണിക്കും. ഓവർഡ്രാഫ്ട് തുകയുടെ പരിധി, തിരിച്ചടവിനുള്ള പ്രാപ്തിയും സന്നദ്ധതയും മാത്രം ആധാരമാക്കി തീരുമാനിക്കാം. സാധാരണ ക്ലീൻ ഓവർഡ്രാഫ്ടിനുള്ള പലിശനിരക്ക് മാത്രമാവും ഇത്തരം ഓവർ ഡ്രാഫ്ടിനും ചുമത്തുക. അക്കൗണ്ട് തുടങ്ങുന്നതിനും ഓവർ ഡ്രാഫ്ട് വായ്പയ്ക്കുമുള്ള ലളിതമായ അപേക്ഷാഫോറം അതത് പ്രാദേശിക സാഹചര്യങ്ങൾക്കനുയോജ്യമായ രീതിയിൽ ബാങ്കുകൾ തയ്യാറാക്കും.



പദ്ധതിയുടെ വിജയകരമായ നടത്തിപ്പിന് റവന്യൂ, കൃഷി, പഞ്ചായത്ത്, ഡി.ആർ.ഡി.എ., സഹകരണം, കുടുംബശ്രീ എന്നീ വകുപ്പ് പ്രതിനിധികളും സൗത്ത് ഇന്ത്യൻ ബാങ്ക്, കാത്തലിക് സിറിയൻ ബാങ്ക്, എസ്.ബി.ടി., പഞ്ചാബ് നാഷണൽ ബാങ്ക് എന്നീ പ്രതിനിധികളുമടങ്ങുന്ന സബ്കമ്മിറ്റി രൂപവത്കരിച്ചു.

സമ്പൂർണബാങ്കിംഗ് സേവന പദ്ധതി തുടങ്ങുന്നതിന്റെ മുന്നോടിയായി 11 ബ്ലോക്ക്തല യോഗങ്ങൾ സംഘടിപ്പിച്ചു.

തദ്ദേശസ്ഥാപന പ്രതിനിധികളുടെയും ഫീൽഡ്തലത്തിൽ പ്രവർത്തിക്കുന്ന വിവിധ വകുപ്പുദ്യോഗസ്ഥരുടെയും സഹകരണത്തോടെയും സാക്ഷ്യപ്പെടുത്തലോടെയും മൊത്തം കുടുംബങ്ങൾക്കും ബാങ്ക് അക്കൗണ്ട്/പൂജ്യം ബാലൻസ് അക്കൗണ്ട് സൗകര്യം ഏർപ്പെടുത്താൻ എല്ലാ ബാങ്ക് ശാഖകളും രംഗത്തിറങ്ങണമെന്ന് യോഗം നിർദേശിച്ചു.

പി. വിനോദ്
ഡിസ്ട്രിക്ട് ഇൻഫർമേഷൻ ഓഫീസർ,
പാലക്കാട്

## ആദിവാസി കുടുംബങ്ങൾക്ക് ഭൂമിയും പാർപ്പിടവും

സംസ്ഥാനത്തെ മുഴുവൻ ആദിവാസി കുടുംബങ്ങൾക്കും അഞ്ചുവർഷത്തിനുള്ളിൽ ഭൂമിയും പാർപ്പിടവും വെള്ളവും വെളിച്ചവും നൽകുമെന്ന് പട്ടികജാതി-വർഗ പിന്നോക്ക വിഭാഗക്ഷേമ-വൈദ്യുതി മന്ത്രി എ.കെ.ബാലൻ പറഞ്ഞു. പട്ടികവർഗ വികസന വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരുടെ യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

പാവങ്ങളിൽ പാവങ്ങളായ ആദിവാസി സമൂഹത്തിന്റെ പ്രതീക്ഷയായ വകുപ്പിനെ സേവനതത്പരതയോടെ കാണണമെന്നും അതിനു പോറലേറ്റാൽ ഒരു സമൂഹത്തെയാകെയാണ് ബാധിക്കുന്നതെന്നും അതിനാൽ സമയബന്ധിതമായും സത്വരമായും പ്രവർത്തിച്ച് ആദിവാസി സമൂഹത്തെ സംരക്ഷിക്കേണ്ടതുണ്ട് എന്നും മന്ത്രി പറഞ്ഞു.

പട്ടികവർഗവിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് വേണ്ടത്ര ഹോസ്റ്റലുകളില്ല; ഉള്ള സ്ഥലങ്ങളിൽ താമസിച്ചു പഠിക്കാനുള്ള സൗകര്യവുമില്ല. ഇത് സംബന്ധിച്ച് ഉചിതമായ തീരുമാനങ്ങളെടുക്കും. കുട്ടികൾക്ക് സ്റ്റൈപ്പെന്റ് ഇതിനകം ലഭ്യമാക്കിയിട്ടുണ്ട്. ഹോസ്റ്റലുകളിൽ താമസിക്കുന്നവർക്ക് നൽകുന്ന തുക 900 രൂപയായും പ്രീ-മെട്രിക് ഹോസ്റ്റലുകളിൽ 600 രൂപയായും വർധിപ്പിച്ചിട്ടുണ്ട്. ഈ വിഭാഗത്തിലെ കുട്ടികളുടെ അക്കാദമിക് നിലവാരം ഉയർത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കും. ആദിവാസി മേഖലയിലെ ആരോഗ്യപ്രശ്നങ്ങൾ സത്വരമായി പരിഹരിക്കാൻ സംവിധാനമുണ്ടാക്കും. ആറളം ഭൂമി പ്രശ്നം സംബന്ധിച്ച് ഉടനെ തീരുമാനമെടുക്കുന്നതാണെന്നും അദ്ദേഹം പറഞ്ഞു.



പട്ടികവർഗ വികസന വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരുടെ യോഗത്തിൽ പട്ടികജാതി-വർഗ പിന്നോക്ക വിഭാഗക്ഷേമ-വൈദ്യുതി മന്ത്രി എ.കെ. ബാലൻ സംസാരിക്കുന്നു.

മന്ത്രിയുടെ ചേംബറിൽ നടന്ന യോഗത്തിൽ പട്ടികജാതി/വർഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി റൊമാനസ് ഹോറോ, പട്ടികവർഗവികസന വകുപ്പ് സെക്രട്ടറി സുധാകരൻ എന്നിവർ സംബന്ധിച്ചു.

### സൂക്ഷിക്കുക!

## അതിർത്തി കടന്ന് 'ചിക്കൻ ഗുനിയ'യും എത്താം

ജനങ്ങൾക്ക് ഭീഷണിയായി മഴക്കാലത്ത് പുതിയൊരു വില്ലൻകൂടി എത്തിയിരിക്കുന്നു. അന്യസംസ്ഥാനങ്ങളിൽ ഈ വില്ലൻ തന്റെ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. ചിക്കൻ ഗുനിയാ പനി എന്ന രോഗമാണ് ഈ മഴക്കാലത്ത് ജനങ്ങളിൽ ഭീതി പടർത്തി എത്തിയ വില്ലൻ. 'ഈഡിസ് ഈജിപ്തി' കൊതുകുകളാണ് ഈ രോഗവാഹകർ. തമിഴ്നാട്ടിലും മറ്റും ഇതിനകംതന്നെ പടർന്നു കഴിഞ്ഞ ഈ രോഗം കേരളത്തിലും പകരാൻ സാധ്യതയുള്ളതായി അധികൃതർ അറിയിച്ചു.



പെട്ടെന്നുണ്ടാകുന്ന പനി, ത്വക്കിലുണ്ടാകുന്ന പാടുകൾ, തലവേദന, സന്ധിവേദന, നടുവേദന, പ്രകാശത്തിലേക്ക് നോക്കുമ്പോൾ കണ്ണിൽ വേദന തുടങ്ങിയവയാണ് ലക്ഷണങ്ങൾ.

ഈഡിസ് ഈജിപ്തി കൊതുകുകൾ പെരുകുന്നത് താൽക്കാലികമായ ചെറിയ വെള്ളക്കെട്ടുകളിലായതിനാൽ പാത്രം, കുപ്പി, ചിരട്ട, പ്ലാസ്റ്റിക് കൂടുകൾ തുടങ്ങിയ വസ്തുക്കളിൽ വെള്ളക്കെട്ട് രൂപപ്പെടുന്നത് ഒഴിവാക്കണം. ടാങ്കുകളും മറ്റും കൊതുകുകൾ മുട്ടയിട്ട് പെരുകാത്തവിധം മൂടി സൂക്ഷിക്കണം. വർക്ക്ഷോപ്പുകളിലെ ടയറുകൾ, കരിക്കിന്റെ തൊണ്ട്, റബ്ബർപാൽചിരട്ടകൾ എന്നിവയിലൊക്കെ വെള്ളം കെട്ടി നിൽക്കാതെ നോക്കണം. ഇത്തരം കൊതുകുകൾ രാവിലെയും സന്ധ്യയ്ക്കും കാണപ്പെടുന്നതിനാൽ ഈ സമയങ്ങളിൽ ഇവയുടെ കടിയേൽക്കാതെ സൂക്ഷിക്കണം.



ചിക്കൻ ഗുനിയാപനി പൊട്ടിപ്പുറപ്പെട്ടാൽ പ്രതിരോധനടപടികൾക്കായി ആശുപത്രികളിൽ പ്രത്യേക ജാഗ്രതപാലിക്കാൻ ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് നിർദേശം നൽകിയിട്ടുണ്ട്.